# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം പി6/727/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/06/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം പി6/727/2021 തീയ്യതി: 29/06/2021

## എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീമതി റസിയബീവി ജെ,ഓഡിറ്റ് ഓഫീസർ
2)ശ്രീ ഹരീഷ് ബാബു എൻ,അസി.ഓഡിറ്റ് ഓഫീസർ
3)ശ്രീമതി ബബിത ബി കുമാർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

4)ശ്രീമതി കവിത എസ് കണ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
5)ശ്രീ അനീഷ് ടി എസ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോൺ ജേക്കബ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ജിഷ കാതറീൻ ടി ഡബ്ല്യൂ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 25-04-2019 |
| ശ്രീമതി റീന റാഫേൽ | സെക്രട്ടറി | 26-04-2019 | 14-01-2020 |
| ശ്രീമതി ജിഷ കാതറീൻ ടി ഡബ്ല്യൂ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-01-2020 | 29-01-2020 |
| ശ്രീമതി റീന റാഫേൽ | സെക്രട്ടറി | 29-01-2020 | 06-03-2020 |
| ശ്രീമതി ജിഷ കാതറീൻ ടി ഡബ്ല്യൂ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-03-2020 | 23-03-2020 |
| ശ്രീമതി റീന റാഫേൽ | സെക്രട്ടറി | 24-03-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുനിൽകുമാർ ബി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശീതൾ ജി മോഹനൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രജിന കെ കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ രാജേഷ് കുമാർ ഇ പി | വി.ഇ.ഒ, പൂത്തോട്ട | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീലത സി എസ് | വി.ഇ.ഒ, കണ്ടനാട് | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രസീന പി | വി.ഇ.ഒ, ഉദയംപേരൂർ | 01-04-2019 | 31-03-2020 |
| ഡോ ഷീജ ബി | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ, പി.എച്ച്.സി. | | |
| ഡോ പി രാംകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 04-10-2019 |
| ഡോ ലക്ഷ്മി വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 05-10-2019 | 17-12-2019 |
| ഡോ ചൈതന്യ കെ വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 18-12-2019 | 31-03-2020 |
| ഡോ ജൂബി ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 04-06-2019 |
| ഡോ സുമ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-06-2019 | 31-03-2020 |
| ശ്രീമതി ജിഷ കാതറീൻ ടി ഡബ്ല്യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ജോജി യേശുദാസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 13-05-2019 |
| ശ്രീമതി ശോഭിനി ടി വി | അസിസ്റ്റന്റ് എൻജിനീയർ | 14-05-2019 | 01-10-2019 |
| ശ്രീ ബെന്നി കെ വി | അസിസ്റ്റന്റ് എൻജിനീയർ | 02-10-2019 | 31-03-2020 |
| ശ്രീ ജെയിംസ് ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി നിത എ ആർ | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2019 | 24-02-2020 |
| ശ്രീമതി രശ്മി സി രാജൻ | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 25-02-2020 | 31-03-2020 |
| ശ്രീമതി ലേഖ രവീന്ദ്രൻ | ഹെഡ്മിസ്ട്രസ്,ജെ ബി എസ്,നടക്കാവ് | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 26-06-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 25-06-2021)<br>Last Updated By: Babitha B Kumar (Senior Grade Auditor, On 25-06-2021) | 1-2 |
| 3 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 25-06-2021)<br>Last Updated By: Ressiya Beevi J (Audit Officer, On 25-06-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 20-06-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 23-06-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 20-06-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babitha B Kumar (Senior Grade Auditor, On 23-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 26-06-2021) | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh T S (Auditor, On 23-06-2021)<br>Last Updated By: Aneesh T S (Auditor, On 23-06-2021) | 1-7 |
| 9 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 23-06-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Kavitha S Kannan (Senior Grade Auditor, On 23-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-9 |
| 11 | പൗരാവകാശരേഖ -അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-10 |
| 12 | പരാമർശങ്ങളുടെ തീർപ്പാക്കൽ – നടപടികളില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-11 |
| 13 | ദുരിതാശ്വാസനിധി - പണമിടപാടുകളില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 17-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 25-06-2021) | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Aneesh T S (Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-13 |
| 15 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ,ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Aneesh T S (Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-14 |
| 16 | എഫ് ടി ഇ എ ആൻഡ് ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Aneesh T S (Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-15 |

| | | |
|---|---|---|
| 17 | അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം-വിശദ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-16 |
| 18 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് നൽകിയത്-അപാകത<br>Written By: Hareesh Babu .N (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-17 |
| 19 | തുടർസാക്ഷരത – അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-18 |
| 20 | കാഫ് അഡോപ്ഷൻ പ്രോഗ്രാം-വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-19 |
| 21 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് കുടിവെള്ള കണക്ഷൻ-സെന്റേജ്, റെസ്റ്റോറേഷൻ ചാർജുകൾ നൽകിയതിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 24-06-2021)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 27-06-2021) | 1-20 |
| 22 | വാഹന ഇൻഷുറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 24-06-2021)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 27-06-2021) | 1-21 |
| 23 | തെരുവുവിളക്കുകളുടെ പരിപാലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 24-06-2021)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 27-06-2021) | 1-22 |
| 24 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Kavitha S Kannan (Senior Grade Auditor, On 24-06-2021)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 27-06-2021) | 1-22-1 |
| 25 | പെൻസിൽ ക്യാമ്പ് - കിലയിൽ നിന്നും തുക ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 24-06-2021)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 26-06-2021) | 1-23 |
| 26 | അംഗീകൃതമല്ലാത്ത ബില്ലിൻ മേൽ ജി.എസ്.ടി നൽകി<br>Written By: Kavitha S Kannan (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-24 |
| 27 | ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകിയില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-25 |
| 28 | വനിതകൾക്ക് പെണ്ണാട്ടിൻകുട്ടി വിതരണം-പൊതുവായ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-26 |
| 29 | വനിതകൾക്ക് കറവപ്പശു വിതരണം-പൊതുവായ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-27 |
| 30 | അലോപ്പതി മരുന്ന് വാങ്ങൽ – നടത്തിപ്പിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-28 |
| 31 | | 1-29 |

| | | |
|---|---|---|
| | ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | |
| 32 | എസ്.സി.ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല-അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 1-30 |
| 33 | എസ്.സി.വിഭാഗങ്ങൾക്കുള്ള കുടിവെള്ള വാട്ടർടാങ്ക് വിതരണം-അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 25-06-2021)<br>Last Updated By: Ressiya Beevi J (Audit Officer, On 26-06-2021) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ജി എസ് ടി കോമ്പൻസേഷൻ -കരാറുകാർക്ക് അധികതുക നല്കി<br>Written By: Hareesh Babu .N (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 26-06-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 20-06-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 23-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 23-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 25-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 23-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 23-06-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 23-06-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 23-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-06-2021) | 4-10 |

| | | |
|---|---|---|
| | Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 20-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 21.02.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 217583315 | 209613049 |
| വാർഷിക കണക്ക് പ്രകാരം | 63522487 | 59683188 |

പുതുക്കിയ ബജറ്റ് 24.02.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 08.06.2020 |

### 1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

2019-20 ലെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1)സഞ്ചയ പ്രകാരമുള്ള വസ്തു നികുതിയുടെ കളക്ഷൻ ,ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2)സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3)നോട്ട്സ് ഓൺ അക്കൗണ്ട്സ് വാർഷികധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40633366.00 |
| വരവ് | 63522487.00 |
| ആകെ | 104155853.00 |
| ചെലവ് | 59683188.00 |
| നീക്കിയിരിപ്പ് | 44472665.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (അക്കൗണ്ട് ഹെഡ്) | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (160100101) | 0 | 16793579 | 16793579 | 13942494 | 2851085 |
| വികസന ഫണ്ട്-എസ്.സി.പി (160100102) | 0 | 8834294 | 8834294 | 4630265 | 4204029 |
| വികസന ഫണ്ട്-ടി.എസ്.പി (160100103) | 0 | 534000 | 534000 | 145794 | 388206 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (160100104) | 0 | 12954193 | 12954193 | 1175407 | 11778786 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് (160100401) | 0 | 4356000 | 4356000 | 1750553 | 2605447 |
| മെയിന്റനൻസ് | 0 | 5004000 | 5004000 | 2292351 | 2711649 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്, റോഡിതരം (160100402) | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് (320100121) | 720358 | 1021040 | 1741398 | 451789 | 1289609 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് (320200322) | 562600 | 148400 | 711000 | 132000 | 579000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 98995251 | 112 | 34014974 | 56 | 17 | 60.54% |

### മോണിട്ടറിങ്.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്. മോണിട്ടറിങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ് സമിതിയും വിലയിരുത്തുന്നില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 97753 | 1015679 | 1113432 | 1108417 | 5015 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18009321 | 18009321 | 18009321 | 0 |
| ആകെ | 97753 | 19025000 | 19122753 | 19117738 | 5015 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2021 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8385/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67440 | 103 |
| കർഷകതൊഴിലാളി പെൻഷൻ | 2764800 | 419 |
| വിധവാപെൻഷൻ | 13636800 | 1208 |
| വാർദ്ധക്യകാല പെൻഷൻ | 45932400 | 3143 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3211200 | 383 |
| വിവാഹധനസഹായം | 420000 | 14 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1080000 | 75 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതാണ്.

1. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റും ബുദ്ധിമുട്ടനുഭവപ്പെടുന്ന സാഹചര്യത്തിലും നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധചെലുത്തുന്നില്ല.

2. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

3. അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം വർദ്ധിക്കുന്ന സാഹചര്യം അനധികൃത കെട്ടിടനിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ടപ്രകാരമുള്ള ഉത്തരവാദിത്വം പഞ്ചായത്ത് പരിധിയിൽ പൂർണ്ണമായി നടപ്പിലാക്കപ്പെട്ടിട്ടില്ലെന്ന് വ്യക്തമാകുന്നു.

4. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാരെ ചുമതലയേൽപിക്കുന്ന ജോലികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് സ്റ്റാഫ് മീറ്റിംഗിൽ അവലോകനം ചെയ്യപ്പെടുന്നില്ല. സ്റ്റാഫ് മീറ്റിംഗ് മിനുട്സിൽ പല യോഗങ്ങളിലെയും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും നിശ്ചിത നടപടിക്രമവും സമയക്രമവും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ബജറ്റ് രൂപീകരണത്തിൽ ആയത് പാലിക്കപ്പെടുന്നില്ല.

6. പല യാത്രാബത്ത ബില്ലുകളിലും യാത്ര ആരംഭിച്ച സമയം, എത്തിച്ചേർന്ന സമയം എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ട്രെയിനിംഗിൽ പങ്കെടുത്ത ജീവനക്കാരുടെ അറ്റൻഡൻസ് സർട്ടിഫിക്കറ്റ് ബില്ലിനൊപ്പം സമർപ്പിക്കുന്നില്ല. യാത്രാബത്ത ബില്ലുകൾ കെ.എസ്.ആർ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് സമർപ്പിച്ചിട്ടുള്ളതെന്ന് പരിശോധിക്കപ്പെടുന്നില്ല.

7. ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾക്ക് കോഡ് നമ്പരുകൾ നൽകുകയോ ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയോ ചെയ്യുന്നില്ല. കൂടാതെ വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല. ആസ്തികൾ നഷ്ടപ്പെട്ടു പോകാൻ ഇത് ഇടയാക്കാം. പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8. ഭരണ സമിതി തീരുമാനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച് തുടർ യോഗങ്ങളിൽ പുനരവലോകനം നടത്തുന്നില്ല. ഭരണസമിതി യോഗങ്ങളിൽ കാലാകാലങ്ങളായി ഉപയോഗത്തിലുള്ളതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ പഞ്ചായത്തു പരിധിയിലെ മുഴുവൻ റോഡുകളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പ്രാവർത്തികമാക്കിയിട്ടില്ല.

9. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്താവുന്നതാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) തൊഴിൽ നികുതി, മാലിന്യസംസ്കരണം, കെട്ടിടനിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏൽപ്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

എഫ്) ഭരണസമിതി തീരുമാനം നടപ്പിൽ വരുത്തുന്നതിലെ പുരോഗതി സംബന്ധിച്ച അവലോകനം തുടർ യോഗങ്ങളിൽ അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

## 1-10 പൗരാവകാശരേഖ -അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല

2019-20 വർഷത്തെ പൗരാവകാശരേഖ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. നെറ്റിൽ നിന്നും എടുത്ത കോപ്പിയാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 2020-21 ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല. പൗരാവകാശരേഖ ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021– 22 വർഷത്തിൽ പുതിയ ഭരണസമിതിയുടെ വിവരങ്ങൾക്കൂടി ഉൾപ്പെടുത്തി പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-11 പരാമർശങ്ങളുടെ തീർപ്പാക്കൽ – നടപടികളില്ല

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിൽ പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല. 2015-16,2016-17,2017-18,2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ വിരലിലെണ്ണാവുന്ന പരാമർശങ്ങൾ മാത്രമേ നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടുള്ളൂ. തീർപ്പാക്കാനവശേഷിക്കുന്ന പരാമർശങ്ങളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2015-16

1) തൊഴിൽ നികുതി ഈടാക്കാതിരുന്നത് സംബന്ധിച്ച പരാമർശം മുഴുവൻ ആളുകളിൽ നിന്നും ഈടാക്കാതിരുന്നത് കാരണം നിലവിലും തീർപ്പാക്കപ്പെട്ടിട്ടില്ല.

2) തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിൻമേൽ KSEB യ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്തത്.

3) പോസ്റ്റ് മാറ്റുന്നതിന് KSEB യ്ക്ക് സേവനനികുതി നല്കിയത്.

4) കാർഷിക ഉപകരണം വാങ്ങിനല്കിയതിന് അധികതുക സബ്സിഡി നല്കിയത്
5) ആദായനികുതി ഒടുക്കിയതിന് രേഖകളില്ല.
6) സർക്കാർ അനുമതിയില്ലാതെ ക്യാമറ വാങ്ങിയതിന്റെ തുക തിരികെ ഒടുക്കിയില്ല.
7) പലിശയിനത്തിൽ KEL ൽ നിന്നും തിരികെ ലഭിക്കുവാനുള്ള തുക തിരികെ ഈടാക്കിയില്ല.
8) KSEB യിലും KWA യിലും നിക്ഷേപിച്ച തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.
9) അംഗീകാരമില്ലാത്ത ഗുണഭോക്താക്കൾക്ക് ഗ്രോബാഗിലെ പച്ചക്കറികൃഷിക്ക് ആനുകൂല്യം നല്കിയത്

2016-17

1) മൊബൈൽ ടവറുകളുടേതുൾപ്പെടെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി.
2) സ്ഥാപനതൊഴിൽ നികുതിയും ഡി&ഒ ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.
3) പൈപ്പ് ലൈൻ സ്ഥാപിച്ചതിലെ അപാകത കാരണമുണ്ടായ നഷ്ടം ഈടാക്കിയിട്ടില്ല
4) എസ് സി വ്യവസായ എസ്റ്റേറ്റ് ഉപയോഗശൂന്യമാണ്.
5) സ്കൂൾ ബസ് ഡ്രൈവറുടെയും ആയയുടെയും വേതനം ചട്ടവിരുദ്ധമായി വികസനഫണ്ടിൽ നിന്നും നല്കി.
6) സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷന് KSEB യിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
7) ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല.
8) വക്കീൽ ഫീസ് നല്കിയപ്പോൾ ആദായനികുതി ഈടാക്കിയിട്ടില്ല.
9) സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്തപരിശോധന നടത്താതിരുന്നത്

2017-18

1) വസ്തുനികുതി,തൊഴിൽ നികുതി,ഡി&ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല.
2) വൗച്ചർ പരിശോധനയിലെയും ചികിത്സാസഹായം നല്കിയതിലെയും അപാകതകൾ പരിഹരിച്ചിട്ടില്ല.
3) ഭിന്നശേഷിയുള്ളവർക്ക് അധികം നല്കിയ 12000/-രൂപയും ഉന്നതവിദ്യാഭ്യാസത്തിന് നല്കിയ 5000/-രൂപയും എസ് സി ഫ്ലാറ്റ് നിർമ്മാണത്തിന് ഉപയോഗിക്കാത്ത കമ്പിക്ക് നല്കിയ 1,41,413/-രൂപയും തിരികെ ഈടാക്കിയിട്ടില്ല.
4) ഗ്യാരന്റി ഉറപ്പുവരുത്താതെ എ.സി വാങ്ങി.
5) വിവരങ്ങൾ പരിശോധിക്കാതെ ആനുകൂല്യങ്ങൾ നല്കി.
6) സാമൂഹ്യസുരക്ഷാമിഷന് തുക നല്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

2018-19

1) തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല.
2) വസ്തുനികുതി പുനർനിർണ്ണയിക്കാത്തതുകാരണം നഷ്ടം.
3) തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതുകാരണം അധികചെലവ്.
4) റോഡ് റീടാറിംഗിലെ അപാകതകൾ.
5) ക്ഷമതയില്ലാത്ത കരാറുകാരന് ശ്മശാനനിർമ്മാണപ്രവൃത്തി ഏൽപ്പിച്ചത് കൊണ്ടുള്ള അപാകത.
6) നിശ്ചിതസമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നിട്ടും ഫൈൻ ഈടാക്കിയില്ല.
7) ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവിവരം ലഭ്യമാക്കാത്തതും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിലെ അപാകതയും.
8) മരുന്ന് ലഭ്യമാക്കാത്തത്.
9) എസ് സി ഫ്ലാറ്റ് നിർമ്മാണത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പണം ചെലവഴിച്ചത്.
10) എഗ്രിമെന്റ് നിശ്ചിതസമയപരിധിക്കുള്ളിൽ വയ്ക്കാതിരുന്നിട്ടും ഫൈൻ ഈടാക്കിയിട്ടില്ല.
11) തുടർസാക്ഷരതാ പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകളില്ല.
12)കുരുമുളക് കൃഷിവികസനത്തിന് സബ്സിഡി കൂടുതൽ ചെലവഴിച്ചത്

ഓഡിറ്റ് വർഷത്തിനു തൊട്ട് മുൻപുള്ള നാല് വർഷങ്ങളിലെ റിപ്പോർട്ടുകളിലെ പരാമർശങ്ങൾ മാത്രമാണ് ഇവ. ഇത്രയും പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നതിൽ നിന്ന് അർഹിക്കുന്ന ഗൗരവത്തോടെ പരാമർശങ്ങളെ കാണുന്നില്ലായെന്ന് വ്യക്തമാകുന്നു. പരാമർശങ്ങൾ തീർപ്പാക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ദുരിതാശ്വാസനിധി - പണമിടപാടുകളില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി സർക്കാർ പുറപ്പെടുവിച്ച എസ്.ആർ.ഒ നമ്പർ 162/2003 പ്രകാരം പഞ്ചായത്തിൽ സെക്രട്ടറിയുടെ പേരിൽ 17.08.2011 ന് ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഈ അക്കൗണ്ടിൽ പണമിടപാടുകളില്ല. ആരംഭിച്ചപ്പോൾ നിക്ഷേപിച്ച 1000/-രൂപയ്ക്ക് ഓരോ നിശ്ചിത കാലയളവിൽ ലഭിക്കുന്ന പലിശ ചേർത്തുള്ള തുക മാത്രമാണ് ഈ അക്കൗണ്ടിൽ നിലവിലുള്ളത്. സാമ്പത്തിക വർഷാരംഭത്തിൽ 1342/-രൂപ ഉണ്ടായിരുന്നത് പലിശ 46/-രൂപ ചേർത്ത് വർഷാവസാനം 1388/- രൂപയായിട്ടുണ്ട്. പഞ്ചായത്തിൽ പല കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച ഫണ്ട് നിലവിൽ ആർക്കും യാതൊരുവിധ പ്രയോജനവുമില്ലാതെ നിഷ്ക്രിയമായിത്തുടരുന്നത് ആശാസ്യമല്ല. ധനശേഖരണാർത്ഥമുള്ള കലാ-കായിക- വിനോദപരിപാടികൾ സംഘടിപ്പിച്ചും,വ്യക്തികൾ,സംഘടനകൾ,സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ നിധിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന വ്യക്തിക്ക് അല്ലെങ്കിൽ കുടുംബത്തിന് അപേക്ഷയുടെ അടിസ്ഥാനത്തിലോ അടിയന്തിരഘട്ടങ്ങളിൽ അപേക്ഷ ഇല്ലാതെ തന്നെയോ 500/-രൂപ വരെ ധനസഹായം നൽകാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(8/21.06.21,27/24.06.21)ലഭിച്ച മറുപടിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും / ജീവനക്കാരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1)

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| സപ്ലൈക്കോ സൂപ്പർമാർക്കറ്റ് | ഈ സ്ഥാപനത്തിലെ അസിസ്റ്റന്റ് മാനേജരുടെ പക്കൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നത്. മറ്റു ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| എം ജി എഫ് മോട്ടോഴ്സ് | രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| കാറ്റാടിയിൽ എന്റർപ്രൈസസ് | രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | താത്കാലിക ഡ്രൈവർമാരിൽ നിന്നും (ആംബുലൻസ് – വിത്സൺ കെ ജെ) (ജീപ്പ് – സുധീർ കെ എം) ആദ്യ അർദ്ധ വർഷത്തെയും,രണ്ടാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ നിന്നും 2019-20 സാമ്പത്തികവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിട്ടുണ്ടെങ്കിൽ അതിന്റെ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്.

2)

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| എം ജി എഫ് മോട്ടോഴ്സ് | രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| കാറ്റാടിയിൽ എന്റർപ്രൈസസ് | ആദ്യ അർദ്ധ വർഷത്തെയും,രണ്ടാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| ബി എസ് എൻ എൽ,ഉദയംപേരൂർ | ആദ്യ അർദ്ധ വർഷത്തെയും,രണ്ടാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| ഇൻസൈറ്റ് ക്വാളിറ്റി കൺസൾട്ടൻസി,ഉദയംപേരൂർ | ആദ്യ അർദ്ധ വർഷത്തെയും,രണ്ടാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| ഭാരത് മോട്ടോഴ്സ്,ഉദയംപേരൂർ | ആദ്യ അർദ്ധ വർഷത്തെയും,രണ്ടാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| ക്ഷീര സഹകരണ സംഘം,പൂന്നയ്ക്കാവെളി,ഉദയംപേരൂർ | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

3) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 4 കള്ള്ഷാപ്പുകളിൽ രണ്ടെണ്ണത്തിലെ (മുല്ലപ്പന്തൽ,പടിപ്പുര) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

4) ഗ്രാമപഞ്ചായത്തിലെ പൂത്തോട്ട,പുത്തൻകാവ്,വലിയകുളം,ആമേട എന്നിവിടങ്ങളിലെ റേഷൻ കടയുടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

5) പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | സ്പെക്ട്ര ഹെൽത്ത് കെയർ,ഉദയംപേരൂർ |
| 2 | പാലയ്ക്കൽ ഹോമിയോ,ഉദയംപേരൂർ |
| 3 | ആരോഗ്യ ഡയഗ്നോസ്റ്റിക്സ്,ഉദയംപേരൂർ |
| 4 | എണ്ണയ്ക്കാത്തറ ഹോമിയോ ക്ലിനിക്ക്,ഉദയംപേരൂർ |
| 5 | അംബുജ ഇൻസ്റ്റിറ്റ്യൂട്ട് ആയുർവേദിക് റിസർച്ച്,ഉദയംപേരൂർ |
| 6 | മൈക്രോ ബയോളജിക്കൽ ലാബ്,ഉദയംപേരൂർ |
| 7 | നീതി ഡോക്ടേഴ്സ് റിസർച്ച് സെന്റർ,ഉദയംപേരൂർ |
| 8 | അരുണ ക്ലിനിക്ക്,ഉദയംപേരൂർ |
| | |

| | |
|---|---|
| 9 | ഉദയതാര അക്യുപഞ്ചർ,ഉദയംപേരൂർ |
| 10 | സൈമൽ കെയർ,ഉദയംപേരൂർ |
| 11 | സൈമൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് ആന്റ് ഇംപ്ലാന്റ്,ഉദയംപേരൂർ |
| 12 | ഡെൻ ഡോട്ട് കോം,ഉദയംപേരൂർ |

## 1-14 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ,ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു

1) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു:

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2019-20 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും പ്രസ്തുത കോളത്തിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

2) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു:

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.25/24.06.21) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. മേൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് എടുത്തതിനു ശേഷം മാത്രം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-15 എഫ് ടി ഇ എ ആൻഡ് ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2019-20 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും പ്രസ്തുത കോളത്തിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ ആകെ 716 സ്ഥാപനങ്ങൾ (ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ ഉൾപ്പെടെ) ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ 2019-20 ലെ ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 605 സ്ഥാപനങ്ങൾ (ട്രേഡേഴ്സ്/ ഇൻസ്റ്റിറ്റ്യൂഷൻ ഉൾപ്പെടെ) മാത്രമാണുള്ളതെന്ന അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷങ്ങളിൽ ഫീൽഡ് തല പരിശോധന നടത്തി പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 879 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല

എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റും ലൈസൻസ് ഫീസിന്റെ ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 9 | 417 ബി | സനുമോൻ എ എസ് | റെസ്റ്റോ കഫെ |
| 20 | 336 ബി | വെസ്ലി ജോൺ ഫോൺ | റോയൽ ഹൈജീൻ |
| 6 | 153 | മാധവ് മോഹൻ | റോയൽ ബ്ലൂൾസ് |
| 17 | 207 സി ബി | ജോസഫ് ജെ വയലറ്റ് | വയലറ്റ് മോട്ടോർസ് |
| 1 | 183 എ | സ്മിത ബിജു | വരേണ്യ എൻറർപ്രൈസസ് |
| 10 | 129 സി | നിർമ്മൽ കെ | വാഷ് പോയിൻറ് |
| 3 | 81 എ | പോൾ വി കെ | ബ്രദേഴ്സ് ട്രേഡിങ് |

മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നല്കിയ 21/24.06.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം-വിശദ വിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം,182/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1533000/-രൂപ വികസനഫണ്ട് ജനറൽ |
| ചെലവ് വിവരം(ബിൽ നം,തീയതി) | 1)511000/- (18/19-20,27.11.2019)<br>2)511000/- (19/19-20,27.11.2019) |

ഗ്രാമപഞ്ചായത്തിലെ 35 അങ്കണവാടികളിലെ ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ട്,സർക്കാർ ഉത്തരവ്(സാധാ)നം.2772/2019/ധനം,തീയതി 03.04.2019 പ്രകാരവും, മേൽ സൂചിപ്പിച്ച ബിൽ പ്രകാരവും തുക ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ട്. എത്ര ജീവനക്കാർക്ക് എത്ര മാസങ്ങളിലെ തുകയാണിത് എന്നതിന്റെ കണക്കും, ബന്ധപ്പെട്ട വകുപ്പിൽ നിന്നും തുക ആവശ്യപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/21.06.2021)ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരം നടപ്പാക്കിയ പ്രോജക്ടായതിനാൽ രേഖകൾ സൂക്ഷിച്ച് വെച്ചിട്ടില്ല എന്നാണ് വിശദീകരിച്ചത്. ഇത്തരമൊരു വിശദീകരണം ഓഡിറ്റിന് മുൻപാകെ സമർപ്പിച്ചത് ഉചിതമായ നടപടിയല്ല. തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിനെ സാധൂകരിക്കുന്ന എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കുകയും അവ ഓഡിറ്റിന് സമർപ്പിക്കുകയും ചെയ്യേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 1022000/-രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു.

## 1-17 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് നൽകിയത്-അപാകത

| | |
|---|---|
| പ്രോജക്ട് | 126/20 |

| | |
|---|---|
| | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(രണ്ടാം ഘട്ടം) |
| അടങ്കൽ | 560000/-(വികസന ഫണ്ട് -387168/-,ധനകാര്യ കമ്മീഷൻ അവാർഡ്-169612/-,തനത്ഫണ്ട്-3220/-) |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് വിവരം | 1)ബിൽ നം- 10/19-20,<br>തീ 29.07.19 തുക- 387168/-<br>2)ബിൽ നം- 5/19-20,<br>തീ 10.06.19 തുക- 169612/- |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം ലഭിക്കുന്നതിനായി സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തിയിൽ 2019-20 സാമ്പത്തിക വർഷം 556780/-രൂപയും, 2018-19 സാമ്പത്തിക വർഷം എട്ട് ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1356780/-രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

എക്സിക്യൂട്ടീവ് എൻജിനീയറുടെ (വാട്ടർ സപ്ലൈ ഡിവിഷൻ, തൃപ്പൂണിത്തുറ) DB1/TPRA/DW/13605/2019-ാം നമ്പർ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ആകെ പ്രവൃത്തിമൂല്യത്തിൽ റോഡ് റെസ്റ്റോറേഷൻ ചാർജ്ജും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ലഭിച്ച മേൽ കത്തിൽ റോഡ് പുനരുദ്ധാരണ ചെലവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റി ഹാജരാക്കിയ എസ്റ്റിമേറ്റ് പ്രകാരം റോഡ് റെസ്റ്റോറേഷൻ ചാർജ് ഉൾപ്പെടുത്തിയാണ് തുക അടവാക്കിയിട്ടുള്ളത്. റോഡ് റെസ്റ്റോറേഷൻ വർക്കുകൾ വാട്ടർ അതോറിറ്റിയുടെ നിർവഹണത്തിൽ ഉൾപ്പെടാത്ത ഇനമായതിനാൽ ടി ഇനത്തിൽ നൽകിയ 255615/-രൂപ തിരികെ ഈടാക്കുവാനും,പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/21.06.21)തൃപ്തികരമായ മറുപടി ലഭിച്ചില്ല. വാട്ടർ അതോറിറ്റി റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് അടവാക്കേണ്ടതില്ല എന്ന് ആവശ്യപ്പെട്ടിട്ടും 255615/-രൂപ നൽകിയത് തടസ്സത്തിൽ വെയ്ക്കുന്നു. മേൽ തുക വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. കൂടാതെ മേൽ പ്രോജക്ട് പൂർത്തീകരിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

## 1-18 തുടർസാക്ഷരത – അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം.,പേര് | എസ് 044 / 20 , തുടർസാക്ഷരത |
| അടങ്കൽ | 75,200 /- (തനത് ഫണ്ട് ) |
| ചെലവ് | 72,900 /- ചെക്ക് നം. 5041951 , 17.03.2020 |
| നിർവഹണഉദ്യോഗസ്ഥ | എച്ച് എം , ജി ജെ ബി സ്കൂൾ |

10 ാം തരം പഠിതാക്കൾക്കും ഹയർ സെക്കണ്ടറി പഠിതാക്കൾക്കും ഫീസ് അടയ്ക്കുന്നതിന് നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. 10 ാം ക്ലാസ്സ് തുല്യതാ പഠനത്തിന് അപേക്ഷിച്ച 14 പേർക്കും (ഒരാൾക്ക് 1750 /-രൂപ വീതം) 12 ാം ക്ലാസ്സ് തുല്യതാ പഠനത്തിന് അപേക്ഷിച്ച 22 പേർക്കും (ഒരാൾക്ക് 2200/-രൂപ വീതം) വേണ്ടി തനത് ഫണ്ടിൽ നിന്ന് യഥാക്രമം കേരള സ്റ്റേറ്റ് ലിറ്ററസി മിഷന് 24,500/-രൂപയും കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിക്ക് 48,400/-രൂപയും അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുക വകയിരുത്തിയിട്ടുള്ള 36 പേരുടേയും കമ്പ്യൂട്ടർ ജനറേറ്റഡ് അപേക്ഷഫോമുകൾ ഹാജരാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1) <u>10- ാം ക്ലാസ്സ് തുല്യതാ പഠനം</u>

| ക്രമ നം. | പേര് | അപാകത |
|---|---|---|
| 1 | രജിത.എ.എസ് | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല, |

| | | |
|---|---|---|
| | | വകയിരുത്തിയ തുക തിരുത്തി അപേക്ഷഫോമിൽ 1750/-എന്ന് എഴുതിചേർത്തു |
| 2 | സീമ.വി.വി | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല, വകയിരുത്തിയ തുക തിരുത്തിയെഴുതി.തുകകൾ വ്യക്തമല്ല |
| 3 | ലളിത.കെ.വി | വകയിരുത്തിയ തുക 1800/- |
| 4 | ഷിനി.കെ.ജെ | വകയിരുത്തിയ തുക 1800/- |
| 5 | അജിൻ ആന്റണി | വകയിരുത്തിയ തുക അപേക്ഷാഫോമിൽ1500/-എന്നത് 1750/- എന്ന് എഴുതിചേർത്തു |
| 6 | മധു.കെ.ജി | വകയിരുത്തിയ തുക അപേക്ഷാഫോമിൽ1500/- എന്നത് തിരുത്തി 1750/-എന്ന് എഴുതിചേർത്തു |

2) 12- ാം ക്ലാസ്സ് തുല്യതാ പഠനം

| ക്രമ നം. | പേര് | അപാകത |
|---|---|---|
| 1 | സിബിൻകുമാർ.കെ.എസ് | തദ്ദേശസ്വയംഭരണസ്ഥാപനം തുക വകയിരുത്തിയിട്ടില്ല എന്ന് അപേക്ഷഫോമിൽ കാണുന്നു |
| 2 | കവിത.ടി.എൽ | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 3 | ശ്രീജാമോൾ.എം.എസ് | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 4 | ശ്രീദേവി.കെ.ആർ | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല |

3) അപേക്ഷാഫോമുകളിൽ പഠിതാക്കളുടെ ഒപ്പും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളിൽ സാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടറുടെ പേരും ഒപ്പും രേഖപ്പെടുത്തിയിട്ടില്ല.

മുകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നല്കുവാനും പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നിർവഹണോദ്യോഗസ്ഥയ്ക്ക് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/21.06.20) മറുപടി ഹാജരാക്കിയില്ല. ടി പ്രൊജക്ടിനായി കേരള സാക്ഷരതാമിഷൻ അതോറിറ്റിക്ക് നല്കിയ തുകയുടെ രസീത് അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മുഴുവൻ പഠിതാക്കളും പരീക്ഷ എഴുതിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 കാഫ് അഡോപ്ഷൻ പ്രോഗ്രാം-വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | കാഫ് അഡോപ്ഷൻ പ്രോഗ്രാം,S0038/20 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 1000000 |
| ചെലവ് വിവരം | 1)250000/-(ബിൽ നം /തീയതി. 6/19-20,27.02.20<br>2)55600/-( ചെക്ക് നം/തീയതി 5041965/30.03.20) |

ഗ്രാമപഞ്ചായത്തിലെ 40 കർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികളെ തെരഞ്ഞെടുത്ത് അവയ്ക്ക് പകുതി വിലയ്ക്ക് നല്ലയിനം കാലിത്തീറ്റ നൽകുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. നടപ്പിലാക്കിയ പദ്ധതി പ്രകാരം 20 കന്നുകുട്ടികൾക്ക് കാലിത്തീറ്റ ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 305600/-രൂപ പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.പി,നേതാജി റോഡ്,ആലുവയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണപത്രം, തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/22.06.21) ലഭിച്ച മറുപടിയിൽ പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം,പദ്ധതി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-20 ഹോമിയോ ഡിസ്പെൻസറിയ്ക്ക് കുടിവെള്ള കണക്ഷൻ- സെന്റേജ്, റെസ്റ്റോറേഷൻ ചാർജ്ജുകൾ നൽകിയതിലെ അപാകതകൾ**

| പ്രോജക്ട് നം, പേര് | 125/19<br>ഹോമിയോ ഡിസ്പെൻസറിയ്ക്ക് കുടിവെള്ള കണക്ഷൻ | 174/20<br>ഹോമിയോ ഡിസ്പെൻസറിയ്ക്ക് കുടിവെള്ള കണക്ഷൻ |
|---|---|---|
| അടങ്കൽ | 50000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം | 28479/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം<br>21521/-<br>തനത്ഫണ്ട് |
| ചെലവ് | ബിൽ നം- 1/19-20,<br>തീ 05.04.19<br>തുക- 50000/- | തുക- 28479/-<br>ബിൽ നം- 2/19-20,<br>തീ 06.03.20,<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>തുക – 21521/-<br>ചെക്ക് നം -5041953<br>തീ 25.03.20 ,<br>(തനത്ഫണ്ട് ) |

കണ്ടനാട് ഹോമിയോ ഡിസ്പെൻസറിയ്ക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി മെഡിക്കൽ ഓഫീസർ ഹോമിയോ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ സൂചിത നിക്ഷേപ പ്രവൃത്തികളിലൂടെ ആകെ ഒരു ലക്ഷം രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഒരു ലക്ഷം രൂപ എസ്റ്റിമേറ്റിട്ട മേൽ പ്രവൃത്തിക്ക് പ്രോജക്ട് നം.125/19 പ്രകാരം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 174/20 നം പ്രോജക്ട് രൂപീകരിച്ച് തനത് ഫണ്ടും കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്. എക്സിക്യൂട്ടീവ് എൻജിനീയറുടെ (വാട്ടർ സപ്ലൈ ഡിവിഷൻ, തൃപ്പൂണിത്തുറ) DB1/TPRA/DW/6112/2019-ാം നമ്പർ എസ്റ്റിമേറ്റ് പ്രകാരം റെസ്റ്റൊറേഷൻ ചാർജ്ജും (36334രൂ) സെന്റേജ് ചാർജ്ജും (ആകെ പ്രവൃത്തിമൂല്യത്തിന്റെ 12.5%: 80225.97*12.5%=10028.25രൂ) മേൽ പ്രോജക്ടുകളിലൂടെ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ചാർജ്ജുകൾ നൽകിയതിലെ അപാകതകൾ താഴെപ്പറയുന്നു.

1)റെസ്റ്റോറേഷൻ വർക്കുകൾ അതോറിറ്റിയുടെ നിർവഹണത്തിൽ പെടുന്ന ഇനമല്ലാത്തതിനാലും പഞ്ചായത്ത് റോഡിൽ പ്രവൃത്തി ചെയ്യുമ്പോൾ റെസ്റ്റോറേഷൻ ചാർജ് അടവാക്കേണ്ടത് പഞ്ചായത്തിലായതിനാലും അതോറിറ്റി ആയത് ഈടാക്കേണ്ടതില്ല.

2)സെന്റേജ് ചാർജ് 12.5 ശതമാനമാണ് ഈടാക്കിയിട്ടുള്ളത്. പി.ഡബ്ല്യു.ഡി മാന്വൽ ഖ -1601.4 പ്രകാരം വാട്ടർ അതോറിട്ടിയുമായി തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന ഡെപ്പോസിറ്റ് വർക്കുകളിൽ 2.5% സെന്റേജ്ചാർജ്ജ് നൽകേണ്ടതില്ല. പി.ഡബ്ലിയു മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമാണെന്നിരിക്കെ 10% സെന്റേജ് ചാർജ് മാത്രമേ അതോറിറ്റിക്ക് നൽകേണ്ടതുള്ളൂ.

ഈ തുക പ്രോജക്ടിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ഇതിനുള്ള ഫണ്ട് പിന്നീട് കണ്ടെത്താൻ സാധ്യമാകാതെ വരുമെന്നാണ് നിർവഹണോദ്യോഗസ്ഥ മറുപടിയിൽ അറിയിച്ചത്.(എൻക്വയറി നം- 2/21.06.21). റോഡ് മുറിക്കുന്നതിനുള്ള അനുമതി പി.ഡബ്ല്യു.ഡി യിൽ നിന്ന് വാങ്ങുകയും ഫൈനൽ ബിൽ ആകുന്ന മുറയ്ക്ക് റെസ്റ്റോറേഷൻ ചാർജ് പി.ഡബ്ല്യു.ഡി യിൽ അടവാക്കി മിച്ചമുള്ള തുക തിരികെ നൽകുകയും ചെയ്യുമെന്നാണ് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടപ്പോൾ ലഭിച്ച വിവരമെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് റോഡിൽ പ്രവൃത്തി ചെയ്യുമ്പോൾ റെസ്റ്റോറേഷൻ ചാർജ് അടവാക്കേണ്ടത് പഞ്ചായത്തിലായതിനാൽ ആയത് അതോറിറ്റിക്ക് നൽകിയത് അംഗീകരിക്കാനാവില്ല. റെസ്റ്റോറേഷൻ ചാർജിനത്തിൽ നൽകിയ 36334/-രൂപയും സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ 2006/- രൂപയും വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-21 വാഹന ഇൻഷുറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കുന്നതിലേയ്ക്കായി 2019-20 വർഷം 20,065/-രൂപ തനത് ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| വാഹനം | പ്രീമിയം തുക | വൌച്ചർ നം, തീയതി |
|---|---|---|
| ബൊലേറോ ജീപ്പ് KL 39- 4298 | 10497/- | 21900813, 30.01.2020 |
| ആംബുലൻസ് KL 7 CF 1758 | 9568/- | 21900997 , 19.12.2019 |

18.04.2000 തീയതിയിലെ ജി.ഒ(പി) നം 819/2000/ധന ഉത്തരവിൽ കേരള സർക്കാരിനു കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷുറൻസ് കവറേജ് ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റേയും ആംബുലൻസിന്റേയും ഇൻഷുറൻസ് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി മുഖേനയാണ് പുതുക്കിയിട്ടുള്ളത്. ഇതിന്റെ കാരണമറിയിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം.17/23.06.21) മറുപടി നൽകിയില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ഇൻഷുറൻസ് പുതുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 തെരുവുവിളക്കുകളുടെ പരിപാലനം

2019-20 വർഷം തെരുവ് വിളക്ക് വൈദ്യുത ചാർജിനത്തിൽ 38,24,517/- രൂപയാണ് പഞ്ചായത്തിന്

ചെലവായിട്ടുള്ളത്. മീറ്ററേതര ചാർജിനത്തിൽപെടുന്ന LT 8A താരിഫ് പ്രകാരമാണ് കെ.എസ്.ഇ.ബി പഞ്ചായത്തിൽ നിന്നും വൈദ്യുത ചാർജ് ഈടാക്കുന്നത്. 07.07.2010-ലെ 43742/ഡി.സി.3/2010/ ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും പഞ്ചായത്തിൽ നാളിതുവരെ മേൽ നിർദ്ദേശം നടപ്പായിട്ടില്ല. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-24/24.06.21) മറുപടി നൽകിയില്ല. തെരുവ് വിളക്കുകൾ എത്രയും വേഗം മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറ്റേണ്ടതാണ്.

## 1-22-1 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല, പകരം വൈദ്യുതിചാർജിന്റെ വിശദാംശങ്ങൾ മാത്രം കണ്ടിജന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി വരുകയാണ് നിലവിൽ ചെയ്യുന്നത്. പരാതി രജിസ്റ്ററിന്റെ സൂക്ഷിപ്പും നാമമാത്രമായാണ്. റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം, പോസ്റ്റുകളുടെ നമ്പരുകൾ എന്നീ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൽ നിർദ്ദേശിക്കുന്ന പോലെ (ഉത്തരവ് നം - ജി2-44274/2015 , തീയതി-17.8.15) പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിന് നോഡൽ ഓഫീസറെ നിശ്ചയിക്കുകയോ ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയോ പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-23 പെൻസിൽ ക്യാമ്പ് - കിലയിൽ നിന്നും തുക ലഭ്യമായില്ല

ആരോഗ്യജാഗ്രതയുടെ ഭാഗമായി കിലയുടെ ആഭിമുഖ്യത്തിലും കുടുംബശ്രീയുടെ നേതൃത്വത്തിലും നടത്തിയ പെൻസിൽ ക്യാമ്പിന് വൌച്ചർ നമ്പർ 21900341 തീയതി 02.07.2019 പ്രകാരം തനത് ഫണ്ടിൽ നിന്നും 9580/-രൂപ സിഡിഎസ് ചെയർപേഴ്സന്റെ പേരിൽ അനുവദിച്ചിരുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് ചെലവ് തുക തിരികെ നൽകുന്നതാണെന്ന് 02.05.19 ലെ 2019/101/2719/HQ നമ്പർ കത്തിലൂടെ കില ഡയറക്ടർ അറിയിച്ചിരുന്നു. വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/23.06.2021) മറുപടിയായി ചെലവ് രേഖകൾ അയച്ച് കൊടുത്തെങ്കിലും തുക ലഭ്യമായിട്ടില്ലായെന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക കിലയിൽ നിന്ന് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 അംഗീകൃതമല്ലാത്ത ബില്ലിൻ മേൽ ജി.എസ്.ടി നൽകി

നെട്ടൂരുള്ള യുണൈറ്റഡ് ഓട്ടോമൊബൈൽസിലാണ് ഔദ്യോഗിക വാഹനമായ KL39 4298 നമ്പർ ബൊലേറോ ജീപ്പിന്റെ അറ്റകുറ്റപണികൾ പഞ്ചായത്ത് നടത്തി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് 2019 ഒക്ടോബറിലും 2020 മാർച്ചിലുമായി നടന്ന പണമിടപാടുകളുടെ വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | വൌച്ചർനം | തീയതി | ആകെ തുക | റിമാർക്സ് | സ്പെയർ പാർട്ട്സ് ബില്ലിൽ ഈടാക്കിയ ജി.എസ്.ടി |
|---|---|---|---|---|---|
| 1 | 21900534 | 09/10/19 | 7680 | സ്പെയർ പാർട്ട്സ്-4185/- (3375+ 12%GST | 810/- |
| | | | | സർവീസിംഗ്-3495/- | - |
| 2 | 21901097 | 07.03.20 | 19266 | സ്പെയർ | 2046/- |

| | | | | | |
|---|---|---|---|---|---|
| | | | | പാർട്ട്സ്-13,416/-<br>(11370+ 9%GST) | |
| | | | | സർവീസിംഗ്-5850/- | 2856/- |

യുണൈറ്റഡ് ഓട്ടോമൊബൈൽസിന്റെ സ്പെയർ പാർട്ട്സ് ബില്ലുകളിൽ (യഥാക്രമം ബിൽ നം.708 തീയതി.24.09.19, 4185/-രൂപ, ബിൽ നം.803 തീയതി-രേഖപ്പെടുത്തിയിട്ടില്ല 13,416/-രൂ) രേഖപ്പെടുത്തിയിട്ടുള്ള GSTIN നമ്പർ (32AAFUO838H1ZC) സർക്കാർ വെബ് സൈറ്റിൽ സേർച്ച് ചെയ്തപ്പോൾ ഇൻവാലിഡ് എന്ന് കാണുന്നതിനാൽ വിശദീകരണമാവശ്യപ്പെട്ട് എൻക്വയറി (നം.18/23.06.21) നൽകുകയുണ്ടായി. 2018 ൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്ത സ്ഥാപനത്തിന്റെ പ്രവർത്തനം കൊറോണവ്യാപനം മൂലം പ്രതിസന്ധിയിലായപ്പോൾ 2021 ഏപ്രിൽ മാസത്തിൽ പ്രവർത്തനം നിർത്തി ജി.എസ്.ടി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തതിനാലാണ് നമ്പർ ഇൻവാലിഡ് എന്ന് കാണിക്കുന്നതെന്നാണ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (2018-19 റിപ്പോർട്ട്, ഖണ്ഡിക-1.20) സ്ഥാപനത്തിന്റെ തൻ വർഷത്തെ ബില്ലുകളിലൊന്നും തന്നെ ജി.എസ്.ടി രേഖപ്പെടുത്തിയില്ല എന്ന പരാമർശത്തിന് മറുപടിയായി വിറ്റ് വരവ് 20 ലക്ഷത്തിൽ താഴെയായതിനാൽ, ജി.എസ്.ടി രജിസ്ട്രേഷൻ ആവശ്യമില്ലായെന്നാണ് അറിയിച്ചിട്ടുള്ളത് . ഈ സാഹചര്യത്തിൽ സ്ഥാപനം 2018 ൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിരുന്നു എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. വർഷങ്ങളായി വാഹനത്തിന്റെ റിപ്പയറിംഗ്,സർവീസ് വർക്കുകൾ നടത്തുന്നത് മേൽ സ്ഥാപനത്തിലാണെന്നതിനാൽ അംഗീകൃതമല്ലാത്ത രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയ ബില്ലുകളിൽ അനുവദിച്ച് നൽകിയ നികുതി തുക (2856/-) പ്രസ്തുത സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുകയോ വരും ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. ആയതിന് സാധിക്കാത്ത പക്ഷം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി, തുക ഈടാക്കേണ്ടതാണ്.

## 1-25 ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകിയില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തെക്കൻ പറവൂർ മത്സ്യമാർക്കറ്റിലെ 9 മുറികളുടെ (കൺസ്യൂമർ നമ്പർ .1155495018932,8933,8934,8936,8937,8938,8939,8940,8941) വൈദ്യുതി ചാർജിനത്തിൽ 2019-20 സാമ്പത്തിക വർഷം ആകെ 5698/-രൂപ വിവിധ വൌച്ചറുകളിലായി ചെലവഴിച്ചിട്ടുണ്ട്. ലേല രജിസ്റ്റർ പ്രകാരം മേൽ മാർക്കറ്റിലെ മുറികൾ ശ്രീ മധുസൂദനൻ എന്ന വ്യക്തിക്ക് ലേലത്തിൽ നൽകിയതായി വ്യക്തമായി. ലേലത്തിൽ നൽകിയതിന് ശേഷവും കടമുറികളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നതിലേക്ക് തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.3/21.06.21) മറുപടിയായി മാർക്കറ്റിൽ വിൽപ്പനക്കായി കൊണ്ട് വരുന്ന സാധനങ്ങളിൽ ഫീസ് പിരിക്കുന്നതിനുള്ള അവകാശം മാത്രമാണ് ലേലം ചെയ്തിട്ടുള്ളതെന്നറിയിച്ചു. മേൽ കടമുറികൾ ലേലം ചെയ്തിരുന്നില്ലായെന്നും നിലവിലും ഒഴിഞ്ഞു കിടക്കുന്നതായും സെക്ഷൻ ക്ലാർക്ക് അറിയിച്ചു. നാളിതുവരെയും ആയവ ലേലം ചെയ്ത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും അടിയന്തിരമായി കടമുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വിവരമറിയിക്കേണ്ടതുമാണ്.

## 1-26 വനിതകൾക്ക് പെണ്ണാട്ടിൻകുട്ടി വിതരണം-പൊതുവായ അപാകതകൾ

| പ്രോജക്ട് | 1)വനിതകൾക്ക് പെണ്ണാട്ടിൻകുട്ടി വിതരണം(ജനറൽ) | 2)വനിതകൾക്ക് പെണ്ണാട്ടിൻകുട്ടി വിതരണം(പട്ടികജാതി) |
|---|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 240000(വികസനഫണ്ട് ജനറൽ) | 200000വികസനഫണ്ട് (എസ് സി പി) |
| ചെലവ് വിവരം | 1)75000/- ബിൽ നം.7/19-20,16.12.19<br>2)45000/-ബിൽ നം.14/19-20,06.02.20 | 1)52500/-ബിൽ നം. 8/19-20,16.12.19<br>2)30000/- ബിൽ നം. 15/19-20,01.02.20 |

| | | |
|---|---|---|
| | 3)75000/- ചെക്ക് നം. 5041913/27.12.19<br>2)45000/-ചെക്ക് നം. 5041924/03.02.20 | 3)17500/-ചെക്ക് നം. 5041914/27.12.19<br>4)10000/-ചെക്ക് നം. 5041925/03.02.20 |

ജനറൽ വിഭാഗത്തിലെ 48 ഗുണഭോക്താക്കൾക്കും,പട്ടികജാതി വിഭാഗത്തിലെ 22 ഗുണഭോക്താക്കൾക്കും 5,000/- രൂപ സബ്സിഡി ക്രമത്തിൽ നൽകിയാണ് 2 ആടുകളെ വീതം ഒരു ഗുണഭോക്താവിന് എന്ന ക്രമത്തിൽ വാങ്ങിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ കാലിസമ്പത്ത് ഉയർത്തുകയെന്ന ഉദ്ദേശ്യമാണ് ഈ പദ്ധതിക്ക് പിന്നിലുള്ളത്. ശ്രീ എം.ജി ഗോപി,മഞ്ഞളിക്കാട്ട്വെളി,വയലാർ,ചേർത്തല എന്ന വ്യക്തിയിൽ നിന്നുമാണ് ആട്ടിൻകുട്ടികളെ വാങ്ങിയിട്ടുള്ളത്. എന്നാൽ ഈ വ്യക്തി ആടുകളെ വിൽക്കുന്നതിന് ലൈസൻസുള്ളയാളാണെന്ന കാര്യം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറിലൂടെ(നം.12/22.06.21)ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആടുകളെ വിൽക്കുന്നതിന് പ്രത്യേകിച്ച് ലൈസൻസ് ആവശ്യമില്ല എന്നാണ് വിശദീകരിച്ചത്. ആടുകളെ വിൽക്കുന്നതിന് ലൈസൻസുള്ള വ്യക്തികളിൽ നിന്നും ആട്ടിൻകുട്ടികളെ വാങ്ങുന്നതിന് പഞ്ചായത്ത് ഭരണ സമിതിയും,വാങ്ങൽ സമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-27 വനിതകൾക്ക് കറവപ്പശു വിതരണം-പൊതുവായ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | വനിതകൾക്ക് കറവപ്പശു വിതരണം,56/20 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 275000(വികസനഫണ്ട് ജനറൽ)<br>275000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് വിവരം | 1)55000/-ബിൽ നം.4/19-20,16.12.19<br>2)11000/- ബിൽ നം.9/19-20,27.02.20<br>3)55000/-ബിൽ നം.11/19-20,27.02.20<br>4)27500/- ബിൽ നം.12/19-20,27.02.20<br>5)27500/- ബിൽ നം.13/19-20,27.02.20<br>6)55000/-ചെക്ക് നം. 5041491/28.11.19<br>7)192500/-ചെക്ക് നം. 5041915/27.12.19<br>8)27500/-ചെക്ക് നം. 5041923/03.02.20 |

ഗ്രാമപഞ്ചായത്തിലെ 8 ഗുണഭോക്താക്കൾക്കായി 27,500/- രൂപ സബ്സിഡി നൽകി ഒരു ഗുണഭോക്താവിന് ഒരു കറവപ്പശു എന്ന ക്രമത്തിലാണ് വാങ്ങിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ കാലിസമ്പത്ത് ഉയർത്തുകയെന്ന ലക്ഷ്യത്തിന് പുറമേ ഉൽപാദന വർദ്ധനവ്, സ്വയംപര്യാപ്തത എന്നിവ കൂടി ലക്ഷ്യമിട്ടിരുന്നു. എന്നാൽ ആയത് വിലയിരുത്താതെയുള്ള വാങ്ങലുകളാണ് നടന്നിട്ടുള്ളത്. പഞ്ചായത്തിനുള്ളിൽ നിന്ന് തന്നെയാണ് 6 കറവപ്പശുക്കളെയും വാങ്ങിയിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിന്റെ കാലിസമ്പത്ത് ഉയരുന്നതിന് ഇക്കാര്യം തടസ്സമായിട്ടുണ്ട്, ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | വിൽപ്പനക്കാരന്റെ പേരും സ്ഥലവും |
|---|---|
| ശ്രീദേവി ജയപ്രകാശ്, വടക്കേചേപ്പയിൽ, ഉദയംപേരൂർ | ഉണ്ണി എം.ആർ, ഉദയംപേരൂർ |
| രുക്മിണി രാജപ്പൻ, നടപ്പിള്ളിത്താഴത്ത്, കണ്ടനാട്,മണക്കുന്നം | ചന്ദ്രശേഖരൻ എം.എ,ഉദയംപേരൂർ |
| കുഞ്ഞുപെണ്ണ്, കാട്ടിപ്പുള്ളത്ത്കാട്, | പുഷ്കല ബാബു, ഉദയംപേരൂർ |

| | |
|---|---|
| ഉദയംപേരൂർ | |
| വിജയമ്മ,<br>അമ്പലക്കാട്ടിൽ,<br>പൂത്തോട്ട | ഡിന്നിച്ചൻ<br>ജോസഫ്,ഉദയംപേരൂർ |
| ആലീസ് ജോസ്,<br>പ്ലാക്കിൽ,മണക്കുന്നം | വത്സല ടി ആർ,<br>ഉദയംപേരൂർ |
| ശ്രീദേവി,<br>മണിയമ്പിള്ളിൽ,<br>മണക്കുന്നം | രാജലക്ഷ്മി,ഉദയംപേരൂർ |
| ഇന്ദിര എം ജി,<br>അഭയം,ഉദയംപേരൂർ | ഗണേശ്<br>കെ,ഉദയംപേരൂർ |
| കാർത്യായനി,നിത്യാനന്ദ<br>ഭവൻ,മണക്കുന്നം | ബിന്ദു കെ<br>കെ,ഉദയംപേരൂർ |

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായിട്ടുള്ള കമ്മിറ്റി മുഖേന പഞ്ചായത്തിന്റെ പുറത്തുനിന്ന് മൊത്തമായി ഇത്തരം വാങ്ങലുകൾ നടത്തി വിതരണം നടത്തിയിരുന്നെങ്കിൽ പഞ്ചായത്തിന്റെ കാലിസമ്പത്ത് ഉയരുമായിരുന്നു. അത്തരമൊരു നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറിയിലൂടെ (നം.15/22.06.21)ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി തൃപ്തികരമായിരുന്നില്ല. പഞ്ചായത്തിന്റെ കാലിസമ്പത്ത് ഉയർത്തുന്നതിനായി പുറത്തുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും കറവപ്പശുക്കളെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-28 അലോപ്പതി മരുന്ന് വാങ്ങൽ – നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. ,പേര് | എസ് 068 / 20 , അലോപ്പതി മരുന്ന് വാങ്ങൽ |
| അടങ്കൽ | 4,50,000/- (മെയിന്റനൻസ് ഗ്രാന്റ് ) |
| ചെലവ് | 1) ബിൽ നം. 12 / 19 – 20 ; 07.11.19 ; 4,20,000/- |
| | 2) ബിൽ നം. 18 / 19 – 20 ; 26.12.19 ; 11,842/- |
| | 3) ബിൽ നം. 21 / 19 – 20 ; 24.01.20 ; 8970/- |
| | 4) ബിൽ നം. 25 / 19 – 20 ; 11.03.20 ; 9055/- |
| | 5) ബിൽ നം. 29 / 19 – 20 ; 30.03.20 ; 133/- |
| നിർവഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ , പി എച്ച് സി |

ഓഡിറ്റ് വർഷം അലോപ്പതി മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയതാണ് ഈ പ്രൊജക്റ്റ്. പ്രോജക്റ്റിന്റെ നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) ആദ്യത്തെ ബില്ല് പ്രകാരം മാറിയ 4,20,000/-രൂപ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നല്കി. ഹാജരാക്കിയ രേഖകൾ പ്രകാരം 164781/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഒരു വർഷത്തിലധികമായി മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. അവശേഷിക്കുന്ന 255219/-രൂപയ്ക്കുള്ള മരുന്ന് ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

2) തുടർന്നുള്ള ബില്ലുകൾ പ്രകാരം മാറിയ തുകകളുപയോഗിച്ച് മരുന്നുകൾ ലോക്കലായി പർച്ചേസ് ചെയ്തു. 4,50,000/-രൂപ അടങ്കൽ തുക നിശ്ചയിച്ച് പ്രൊജക്ട് തയ്യാറാക്കുകയും 4,20,000/-രൂപയുള്ള മരുന്നിന് തുക നല്കിയതിനുശേഷം തീരെ ചെറിയ തുകകൾക്ക് മരുന്ന് വാങ്ങുകയുമാണ് ചെയ്തത്. 5 ാമത്തെ ബില്ല് പ്രകാരം മാറിയ തുക ഉപയോഗിച്ച് ഒരു സാനിറ്റൈസറാണ് വാങ്ങിയിട്ടുള്ളത്. സാനിറ്റൈസർ വാങ്ങിയതുൾപ്പെടെയുള്ളവ ശേഖരരഹിതസാക്ഷ്യപത്രം ലഭ്യമാക്കിയതിനുശേഷമാണ് നടത്തിയിട്ടുള്ളത്. അതായത് പദ്ധതി പണം ഉപയോഗിച്ച് ദൈനംദിനാവശ്യത്തിനുള്ള വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. സാമ്പത്തിക അച്ചടക്കം പാലിക്കാതെയും ഒറ്റ പർച്ചേസായി നടത്താവുന്നതിനു പകരം 'പീസ് മീലായി' മരുന്ന് വാങ്ങിയും പ്രൊജക്ട് നടപ്പാക്കി. ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.16/ 23.06.21) മറുപടിയായി അത്യാവശ്യഘട്ടങ്ങളിൽ മരുന്ന് ലഭ്യമാക്കേണ്ടതിനാലാണ് അപ്രകാരം ചെയ്തത് എന്നാണ് അറിയിച്ചത്. മരുന്നുകളുടെ ആവശ്യകതാനിർണ്ണയം നടത്താതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത് എന്നത് വ്യക്തമാണ്. സ്റ്റോർസ് പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ പാലിക്കേണ്ടതും ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള വാങ്ങലുകൾ ഒഴിവാക്കേണ്ടതുമാണ്. കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്നും ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല

01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ജി.എസ്.ടി ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളായ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കൾവർട്ടുകൾ തുടങ്ങിയവയുടെ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്തിട്ടുള്ളതിനാൽ ആയതിന്റെ നെറ്റ് ജി.എസ്.ടി. കോമ്പൻസേഷൻ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ Additional Tax Burden On Works Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള Extra Tax Burden Under GST അനുവദിക്കാവുന്നതാണ്. മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കുമ്പോൾ Tender Excess/Deduction വരുത്തിയതിനു ശേഷമുള്ള Net Amount-ന്റെ കൂടെ പട്ടിക പ്രകാരമുള്ള ജി.എസ്.ടി. കോമ്പൻസേഷൻ ശതമാന കണക്കിൽ അധികമായി കൂട്ടി നൽകാവുന്നതാണ്. പട്ടിക പ്രകാരം Masonry Building (New And Maintanance) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ 5 ശതമാനവും Bituminous Topping Road Work (Bitumen Contractor Supply) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി കോമ്പൻസേഷൻ 3 ശതമാനവും ആണ്. ഈ ഉത്തരവ് പ്രകാരം സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടുന്ന സിമന്റ് കോൺക്രീറ്റ് പ്രവൃത്തികൾക്കുള്ള Extra Tax Burden '0' ആണ്.
തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.11.2017 ലെ ഡിബി3/9058/17/സിഇ/തസ്വഭവ നമ്പർ സർക്കുലറിൽ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയ പട്ടിക (01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/ തസ്വഭവ ഉത്തരവിൽ Additional Tax Burden On Works Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള) പ്രകാരമുള്ള ജി.എസ്.ടി നഷ്ടപരിഹാരം അനുവദിക്കേണ്ടതാണ് എന്ന് സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം നിർവ്വഹണം നടത്തിയ ചില (റോഡ് കട്ടവിരിക്കൽ, കോൺക്രീറ്റിംഗ്) പ്രവൃത്തികൾക്ക് നെറ്റ് ബിൽ തുകയുടെ കൂടെ 12% ജി.എസ്.ടി കോമ്പൻസേഷനും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചതിലും കൂടിയ നിരക്കിൽ കരാറുകാർക്ക് ജി.എസ്.ടി നഷ്ടപരിഹാരം അനുവദിച്ചതിനാൽ 55938/-രൂപ അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-30 എസ്.സി.ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല-അപാകതകൾ

1)

| | |
|---|---|
| പ്രോജക്ട് നം. | So 88/19-20 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ<br>വിതരണം |
| അടങ്കല് | 435000/- (എസ്.സി.പി.ഫണ്ട്.) |
| ചെലവ് | 192958/- (123165+69793) |
| ചെലവ് വിവരം | 1.ബിൽ നം. 11/19-20/18.3.20<br>2.ബിൽ നം. 21/19-20/22.4.20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന ടി പ്രോജക്ടിനായി 435000/- രൂപ വകയിരുത്തിയിരുന്നെങ്കിലും 192958/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 50% തുക പോലും ചെലവഴിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ 84 പേർ ഉണ്ടെങ്കിലും കട്ടിൽ വിതരണം ചെയ്തിരിക്കുന്നത് 47 പേർക്കുമാത്രമാണ്. അതു പോലെ തന്നെ ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമത്തിലല്ല കട്ടിൽ വിതരണം ചെയ്തിരിക്കുന്നത്. ഉദാഹരണമായി ഒന്നാമത്തേയും രണ്ടാമത്തേയും ഗുണഭോക്താക്കളെ ഒഴിവാക്കി 3 ാമത്തെ ആൾക്കും 4,5,6,7, പേരുകാരെ ഒഴിവാക്കി അടുത്ത ഗുണഭോക്താവിനും 12, 13, 14, പേരുകാരെ ഒഴിവാക്കി അടുത്ത ഗുണഭോക്താക്കൾക്കും ആണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്.

2)

| | |
|---|---|
| പ്രോജക്ട് നം. | So 74/19-20 |
| പ്രോജക്ടിന്റെ പേര് | പി.വി.സി. വാട്ടർടാങ്ക്<br>വിതരണം |
| അടങ്കൽ | 300000/- (എസ്.സി.പി. ഫണ്ട്)<br>100000/- (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 73675/- |
| ചെലവ് വിവരം | 1. ബിൽ നം. 18/19-20. 27.3.20 (49117/-)<br>2.ബിൽ നം. 22/19-20/27.3.20 (24558/-) |
| നിർവ്വഹണ | അസി.സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പി.വി.സി വാട്ടർ ടാങ്ക് വിതരണം എന്ന ടി പ്രോജക്ടിനായി 300000/-രൂപ വകയിരുത്തിയിരുന്നെങ്കിലും 73675/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. മൂന്നിലൊന്ന് തുക പോലും ചെലവഴിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ 157 പേർ ഉണ്ടെങ്കിലും വാട്ടർ ടാങ്ക് വിതരണം ചെയ്തിരിക്കുന്നത് 85 പേർക്കു മാത്രമാണ്. അതു പോലെ തന്നെ ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാ ക്രമത്തിലല്ല വാട്ടർ ടാങ്ക് വിതരണം ചെയ്തിരിക്കുന്നത്.

ഇപ്രകാരം ലഭ്യമായ ഫണ്ട് വിനിയോഗിക്കാതെ പാഴാക്കിയതിനും ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതിന്റെയും കാരണം അറിയിക്കുവാനാവശ്യപ്പെട്ട് എൻക്വയറി (നം-22) നൽകിയതിന് കോവിഡ് വ്യാപനം മൂലം അപേക്ഷ സമർപ്പിക്കുന്നതിൽ തടസം നേരിട്ടുവെന്നും, പട്ടികജാതിക്കാരല്ലാത്തവരും, മരണപ്പെട്ട് പോയവരും, വരുമാന പരിധി കൂടുതലുള്ളവരും ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെന്നും അവരെ ഒഴിവാക്കിയാണ് ആനുകൂല്യങ്ങൾ അനുവദിച്ചതെന്നും വ്യക്തമാക്കി. ഭാവിയിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ മേൽ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

### 1-31 എസ്.സി.വിഭാഗങ്ങൾക്കുള്ള കുടിവെള്ള വാട്ടർടാങ്ക് വിതരണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | SO 74/19-20 |
| പ്രോജക്ടിന്റെ പേര് | പി.വി.സി വാട്ടർ ടാങ്ക് വിതരണം |
| അടങ്കൽ | 300000/-(എസ്.സി.പി ഫണ്ട്.)<br>100000/-(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 139165/- |
| ചെലവ് വിവരം | 1)49117/-ബിൽ നം.18/19-20/27.3.20<br>2)24558/-ബിൽ നം.22/19-20/27.3.20<br>3)65490/-ബിൽ നം.16/19-20/22.4.20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.സെക്രട്ടറി |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പഞ്ചായത്തിലെ എസ്.സി. വിഭാഗങ്ങൾക്കുള്ള കുടിവെള്ള വാട്ടർടാങ്ക് വിതരണം ചെയ്യുന്ന ഈ പ്രോജക്ട് പ്രകാരം ടെണ്ടർ നടപടി ക്രമം പാലിച്ച് ബിസ്മി പ്ളാസ്റ്റിക് കമ്പനി, ഒക്കൽ പി.ഒ. ഓണംപള്ളി എന്ന സ്ഥാപനത്തിൽ നിന്നും 2183/-നിരക്കിൽ 85 പി.വി.സിവാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട്. (500 Liter/White- 3 Layer Pvc Tank) ഇതിൽ 84 വാട്ടർ ടാങ്കുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഒരെണ്ണം വിതരണം ചെയ്യാതെ പഞ്ചായത്തിന്റെ ഓഡിറ്റോറിയത്തിലെ ഗോഡൌണിൽ സൂക്ഷിച്ചിരിക്കുന്നു. ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ 73-ാം പേരുകാരിയായ സുമ കൈലാസൻ,കൂനാട്,(വാർഡ്-1) എന്ന വ്യക്തി 546/-രൂപ ഗുണഭോക്തൃ വിഹിതമായി (രസീത് നം. 9825/20.3.20) പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ടി ടാങ്ക് ടിയാരിക്ക് വിതരണം ചെയ്തിട്ടില്ല. ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(28/25.06.21) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ടാങ്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചു. ആയത് വിതരണം ചെയ്യുന്നത് വരെ 2183/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ജി എസ് ടി കോമ്പൻസേഷൻ -കരാറുകാർക്ക് അധികതുക നല്കി

01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ജി.എസ്.ടി ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളായ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കൾവർട്ടുകൾ തുടങ്ങിയവയുടെ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്തിട്ടുള്ളതിനാൽ ആയതിന്റെ നെറ്റ് ജി.എസ്.ടി. കോമ്പൻസേഷൻ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ Additional Tax Burden On Works Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള Extra Tax Burden Under GST അനുവദിക്കാവുന്നതാണ്. മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കുമ്പോൾ Tender Excess/Deduction വരുത്തിയതിനു ശേഷമുള്ള Net Amount-ന്റെ കൂടെ പട്ടിക പ്രകാരമുള്ള ജി.എസ്.ടി. കോമ്പൻസേഷൻ ശതമാന കണക്കിൽ അധികമായി കൂട്ടി നൽകാവുന്നതാണ്. പട്ടിക പ്രകാരം Masonry Building (New And Maintanance) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ 5 ശതമാനവും Bituminous Topping Road Work (Bitumen Contractor Supply) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി കോമ്പൻസേഷൻ 3 ശതമാനവും ആണ്. ഈ ഉത്തരവ് പ്രകാരം സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടുന്ന സിമന്റ് കോൺക്രീറ്റ് പ്രവൃത്തികൾക്കുള്ള Extra Tax Burden '0' ആണ്.
തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.11.2017 ലെ ഡിബി3/9058/17/സിഇ/തസ്വഭവ നമ്പർ സർക്കുലറിൽ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയ പട്ടിക (01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/ തസ്വഭവ ഉത്തരവിൽ Additional Tax Burden On Works Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള) പ്രകാരമുള്ള ജി.എസ്.ടി നഷ്ടപരിഹാരം അനുവദിക്കേണ്ടതാണ് എന്ന് സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്ത് തൻവർഷം നിർവ്വഹണം നടത്തിയ ചില(റോഡ് കട്ടവിരിയ്ക്കൽ, കോൺക്രീറ്റിംഗ്) പ്രവൃത്തികൾക്ക് നെറ്റ് ബിൽ തുകയുടെ കൂടെ 12% ജി.എസ്.ടി കോമ്പൻസേഷനും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. ചുവടെ പറയുന്ന പ്രവൃത്തികളിൽ സർക്കാർ നിശ്ചയിച്ചതിലും കൂടിയ നിരക്കിൽ കരാറുകാർക്ക് ജി.എസ്.ടി നഷ്ടപരിഹാരം അനുവദിച്ചതിനാൽ 55938/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

| പ്രവൃത്തി, കരാറുകാരൻ, അളവ് പുസ്തകം | കരാറുകാരന് തുക നൽകിയതിന്റെ വിവരം | | അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ നിരക്ക്. | പ്രവൃത്തിക്ക് നൽകേണ്ടിയിരുന്ന തുക | | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| കാരച്ചവട്റോഡ് നവീകരണവും ഡ്രെയിനേജ് നിർമ്മാണവും, 86/20, സി എഫ് സി ഗ്രാന്റ്, ഷണ്മുഖൻ സി വി, 112/19-20 (ഐറ്റം നിരക്ക്) | ആകെ അളവുമൂല്യം | 453332 | | ആകെ അളവു മൂല്യം | 453332 | |
| | (+) 12% GST | 54340 | 0 | GST | 0 | |
| | ആകെ | 507672 | | ആകെ | 453332 | |
| | 1%(-) ആദായ നികുതി | 5077 | | (-)ആദായ നികുതി | 5077 | |
| | 1%(-) നിർമ്മാണ ക്ഷേമ നിധി | 5077 | | (-)നിർമ്മാണ ക്ഷേമ നിധി | 5077 | |
| | 2%(-) ജി എസ് ടി | 10154 | | (-) ജി എസ് ടി | 10154 | |
| | കരാറുകാരന് നൽകിയ തുക | 487364 (ചെക്ക് നം. 091112/ 31.03.20) | | കരാറുകാരന് കേണ്ടിയിരുന്ന തുക | 433024 | 54340 |
| പഞ്ചായത്ത് ഓഫീസ് പഴയ | ആകെ അളവുമൂല്യം | 17756 | | ആകെ അളവു മൂല്യം | 17756 | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ബിൽഡിംഗ് ഇടഭിത്തി പൊളിക്കൽ, 209/20, വികസന ഫണ്ട്, റെജി മാത്യു, 169/19-20 (0.20% കുറവ്) | (+) 12% GST | 2131 | 3 | GST | 533 | |
| | ആകെ | 19887 | | ആകെ | 18289 | |
| | 1%(-) ആദായ നികുതി | 199 | | (-) ആദായ നികുതി | 199 | |
| | 17756x1%(-) നിർമ്മാണ ക്ഷേമ നിധി | 178 | | (-) നിർമ്മാണ ക്ഷേമ നിധി | 178 | |
| | കരാറുകാരന് നൽകിയ തുക | 19510 (ബിൽ നം.45/19-20 തീ.18.03.20 | | കരാറുകാരന് കേണ്ടിയിരുന്ന തുക | 17912 | 1598 |
| ആകെ | | | | | | 55938 |

സർക്കാർ ഉത്തരവ് മറികടന്നു കൊണ്ട് അധിക നിരക്കിൽ ജി.എസ്.ടി കോമ്പൻസേഷൻ നൽകിയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.19,23.06.21)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവ് മറികടന്നു കൊണ്ട് അധിക നിരക്കിൽ ജി.എസ്.ടി കോമ്പൻസേഷൻ നൽകിയ 55938/-രൂപ കരാറുകാരനിൽ നിന്നോ),ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000.00 | ലൈഫ് ഭവനപദ്ധതി-(എസ് 0166/20) | 60000 | 140000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 660000 | ലൈഫ് ഭവനപദ്ധതി-(എസ് 0183/20 | 600000 | 60000 |
| ആകെ | | 860000 | | 660000 | 200000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ് 0040/20) | 0 | 300000 |
| | | 25000.00 | പാലിന് സബ്സിഡി (എസ് 002/20) | 25000 | 0 |
| | | 435500.00 | ലൈഫ് ഭവനപദ്ധതി (എസ് 0166/20) | 300000 | 135500 |
| | | 600000.00 | ലൈഫ് ഭവനപദ്ധതി (എസ് 0183/20) | 300000 | 300000 |
| | | | | | |
| ആകെ | | 1360500 | | 625000 | 735500 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(18/20) | | 94621 | 94621 | 0 |
| കേരള ജല അതോറിറ്റി | പൂത്തോട്ട പട്ടിക വർഗ്ഗ കോളനിയിലേക്ക് കുടിവെള്ള പൈപ്പ്(84/20) | | 50000 | 50000 | 0 |
| കേരള ജല അതോറിറ്റി | ഹോമിയോ ഡിസ്പെൻസറിയിലേക്ക് വാട്ടർ കണക്ഷൻ(125/20) | | 50000 | 50000 | 0 |

ഓഡിറ്റ് വർഷം ജല അതോറിറ്റിയിൽ 4040208/-രൂപയും,കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 2740244/-രൂപയും ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട്(B.18 Schedule: 460500201,460500202).

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2223825 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 177906 |
| ആകെ | 2401731 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2401731 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | എഫ് ഡി നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 232021/01.04.2019 | 512808 |
| 2 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 232022/01.04.2019 | 1888923 |
| ആകെ | | | 2401731 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15,650/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | ഓഡിറ്റ് എൻക്വയറി നം.5 | 2530 | ശ്രീ ആർ രാജീവ്, അസി.സെക്രട്ടറി | 119010106301/ 29.10.2019 |
| 2015-16 | 2-1 | 2500 | ശ്രീമതി ആർ.മണിക്കുട്ടി, സെക്രട്ടറി | 119010106310/ 07.11.2019 |
| 2018-19 | 1-33(1) | 6076 | ശ്രീമതി ജോജി യേശുദാസ്, അസി.എഞ്ചിനിയർ | 119010106610/ 15.02.2020 |
| 2018-19 | 1-33(3) | 4544 | ശ്രീമതി ജോജി യേശുദാസ്, അസി.എഞ്ചിനിയർ | 119010106611/ 15.02.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് കാലയളവ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99മുതൽ 2001-02 വരെ | 3.5.1 | 2006-07 | പട്ടികജാതി വിഭാഗത്തിനുള്ള കിണർ നിർമ്മാണം ജെ.ജി.എസ്.വൈ | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് തീരുമാന സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2014-15, 2015-16 | 2.1 | 2016-17 | തൊഴിൽ നികുതി സംബന്ധിച്ച് | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് രസീതുകളുടെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63522487.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59683188.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 55938 /- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1279798 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 55938 /- | ശ്രീ ബെന്നി കെ വി , അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 10,22,000 | ശ്രീമതി റീന റാഫേൽ , സെക്രട്ടറി |
| 1-17 | 255615 | ശ്രീമതി റീന റാഫേൽ , സെക്രട്ടറി |
| 1-31 | 2183 | ശ്രീമതി ജിഷ കാതറീൻ.ടി.ഡബ്ല്യു അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റീനാ റാഫേൽ, സെക്രട്ടറി | സെക്രട്ടറി, കവളങ്ങാട് ഗ്രാമ പഞ്ചായത്ത് | കറുകയിൽ ഹൗസ്, സെന്റ് ആന്റണീസ് ലിങ്ക് റോഡ്, തൈക്കൂടം, വൈറ്റില |

| | | |
|---|---|---|
| ബെന്നി കെ വി ,<br>അസി. എഞ്ചിനീയർ | വിരമിച്ച | കരുമാംകോട്ടിൽവീട്,<br>വെങ്ങോല,<br>പെരുമ്പാവൂർ 683556 |
| ജിഷ കാതറീൻ ടി<br>ഡബ്ല്യൂ,അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>ഉദയംപേരൂർ,<br>ഗ്രാമപഞ്ചായത്ത് | തുണ്ടത്തിൽവീട്,<br>മരട്പി.ഒ,എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 07.09.18 |
| 1997-98 | എൽ.എഫ്.ഇ(പി4)134/2004 തീ. 25.10.2004 |
| 1998-99മുതൽ 2001-02വരെയുള്ള പദ്ധതിവിഹിതം ഒഴികെ ചെലവ് | എൽ.എഫ്.ഇ(പി6)376/2006 തീ. 05.10.06 |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി6)2008/2007 തീ. 09.07.08 |
| 1999-2000(വരവ്) | എൽ.എഫ്.ഇ(പി6)2009/2007 തീ. 09.07.08 |
| 2000-2001(വരവ്) | എൽ.എഫ്.ഇ(പി6)2010/2007 തീ. 09.07.08 |
| 2001-2002(വരവ്) | എൽ.എഫ്.ഇ(പി6)2011/2007 തീ. 09.07.08 |
| 2002-2003 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 07.09.18 |
| 2004-2005 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 07.09.18 |
| 2005-2006 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 07.09.18 |
| 2006-2007 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 07.09.18 |
| 2007-2008 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 07.09.18 |
| 2008-2009 | എൽ.എഫ്.ഇ(പി6)253A/12 തീ. 30.7.12 |
| 2009-2010 | എൽ.എഫ്.ഇ(പി6)2074/11 തീ. 10.01.12 |
| 2010-2011 | എൽ.എഫ്.ഇ(പി6)584/12 തീ. 11.05.12 |
| 2011-2012<br>& 2012-13 | എൽ.എഫ്.ഇ(പി6)161/2014 തീ. 16.09.15 |
| 2013-14 | കെ.എസ്.എ.ഇ.കെ.എം(പി6)1542/15തീ.28.01.16 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി6)1106/16തീ.26.07.18 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി6)2041/2016 തീ.21.02.16 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി6)1651/2017 തീ.20.06.18 |
| 2017-18 | കെ.എസ്.എ ഇ.കെ.എം(പി6)2044/2018 തീ.06.07.19 |
| 2018-19 | കെ.എസ്.എ ഇ.കെ.എം(പി6)1699/2019 തീ.05.11.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്